LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ദിവസക്കൂലി, കരാർ അടിസ്ഥാനത്തിൽ നിയമനം, ലഭിച്ചവർ

26 (4252) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ദിവസക്കൂലി, കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും കേസ്സ് നിലനിൽക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇത്തരത്തിൽ പിരിച്ചുവിടാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ബി.സി.ഡി. സി. ഹെഡ്ഡ് ഓഫീസുകളിലും എല്ലാ ഓഫീസുകളിലും ദിവസക്കൂലി അടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അവരുടെ പേരും മേൽവിലാസവും തസ്തികയും ശമ്പളവും നിയമിച്ച തീയതിയും വ്യക്തമാക്കുമോ ;

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽനിന്നും ആരെയും പിരിച്ചുവിട്ടിട്ടില്ല. കോർപ്പറേഷനിൽ ഹെഡ് ഓഫീസിലും ജില്ലാ ഓഫീസിലും കുടിശ്ശിക ജോലികൾ ചെയ്ത് തീർക്കുന്നതിന് അത്യാവശ്യ സാഹചര്യത്തിൽ ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുകയും കുടിശ്ശിക ജോലികൾ തീരുന്ന മുറയ്ക്ക് ടി ജീവനക്കാരുടെ സേവനം അവസാനിപ്പിക്കാറുമുണ്ട്.

(ഡി&ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഹെഡ്ഡ് ഓഫീസിലും ജില്ലാ ഓഫീസുകളിലും ദിവസ കൂലി അടിസ്ഥാനത്തിൽ നിയമിച്ചവരുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ശാന്തിതീരം റിവർസൈഡ് വാക്ക്‌വേ

27 (2605) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം സിവിൽ സ്റ്റേഷനു താഴെ കടലുണ്ടിപ്പുഴയുടെ തീരങ്ങളിൽ ടൂറിസം വകുപ്പ് നടപ്പാക്കുന്ന ശാന്തി തീരം റിവർസൈഡ് വാക്ക് വേ ഇപ്പോൾ ഏതു ഘട്ടത്തിലാണ് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനകം എന്തെല്ലാം പ്രവർത്തനങ്ങളാണ് അവിടെ നടപ്പാക്കിയതെന്നും അതിനായി എത്ര രൂപ ചെലവഴിച്ചെന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് എത്രയും വേഗം തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശാന്തിതീരം റിവർസൈഡ് വാക്ക്‌വേ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നതും പൂർത്തീകരിക്കാത്തതുമായ ഘടകങ്ങളും രണ്ടാം ഘട്ടത്തിലെ ഘടകങ്ങളും ഉൾപ്പെടുത്തി 98,26,971 രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) വാക്ക്‌വേ, റെയിൻ ഹട്ട്, ആംഫി തീയേറ്റർ, പവിലിയൻ, സിറ്റിംഗ് പ്ലാസ, തുടങ്ങിയവയുടെ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 37,08,489 രൂപ ചിലവഴിച്ചിട്ടുണ്ട്.

(സി) സ്വീകരിയ്ക്കും.

പട്ടികജാതി-പിന്നോക്ക വകുപ്പിന്റെ അട്ടൂർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ

28 (1023) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി-പിന്നോക്കസമുദായ വകുപ്പ് അട്ടൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നുള്ള വിവരങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

പട്ടികജാതി വികസന വകുപ്പും, പിന്നോക്ക സമുദായ വികസന വകുപ്പും അട്ടൂർ നിയോജക മണ്ഡലം ഉൾപ്പെടെ സംസ്ഥാന വ്യാപകമായാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. വ്യക്തിഗത പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ചിട്ടുള്ളത്.

1. പ്രീ-മെട്രിക് സ്കോളർഷിപ്പ് - 2011-12 മുതൽ (സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുടുംബ വാർഷിക വരുമാനം 44,500 രൂപയിൽ അധികരിക്കാത്ത പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക് വേണ്ടി).

2. അഡ്വക്കേറ്റ് ഗ്രാന്റ്സ് - 2012-13 മുതൽ (സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായ നിയമ ബിരുദധാരികൾക്ക് അഭിഭാഷകരായി പ്രാക്ടീസ് ആരംഭിക്കുന്നതിനുള്ള ധന സഹായം).

LIBRARY ARCHIVES Kerala Legislative Assembly